ട്രാൻസ്പോർട്ട്
കമ്മീഷണറേറ്റ്
തിരുവനന്തപുരം

"ഭരണഭാഷ – മാതൃഭാഷ"

നമ്പർ.ബി.1/4291/റ്റി.സി./2015

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 09.11.2016.

## സർക്കുലർ നമ്പർ - 28/2016

വിഷയം :- **മോട്ടോർ വാഹന വകുപ്പ്**— കേരള ഫൈനാൻസ് ആക്ട്- 2016 — നികുതി പരിഷ്ക്കരണം — നിർദ്ദേശങ്ങൾ നൽകുന്നത്— സംബന്ധിച്ച്.

സൂചന :- 1 2016-ലെ ഫൈനാൻസ് ബിൽ.

2 18.07.2016-ലെ സർക്കുലർ നമ്പർ. 22/2016.

3 2016-ലെ ഫൈനാൻസ് ആക്ട്.

2016-ലെ ഫൈനാൻസ് ആക്ട് സൂചന 3 പ്രകാരം നിലവിൽ വന്നിരിയ്ക്കുകയാണ്. സൂചന 1,2 എന്നിവ പ്രകാരം 18.07.2016 മുതൽ നിലവിൽ വന്ന ഫൈനാൻസ് ബില്ലിൽ വന്നിട്ടുള്ള നികുതി നിർദ്ദേശങ്ങളിൽ ചില ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ഫൈനാൻസ് ആക്ട് പ്രാബല്യത്തിൽ വന്നിരിയ്ക്കുന്നത്. താഴെപറയുന്ന പ്രസ്തുത ഭേദഗതികൾക്കും 18.07.2016 മുതലുള്ള മുൻകാല പ്രാബല്യം ഉണ്ടായിരിയ്ക്കുന്നതാണ്. 18.07.2016 മുതൽ വാങ്ങിയിട്ടുള്ള നികുതിയിൽ ഫൈനാൻസ് ആക്ട് വഴി എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടെങ്കിൽ അടച്ചിട്ടുള്ള അധിക തുക ഭാവിയിൽ നികുതി അടയ്ക്കുന്ന സമയത്ത് അഡ്ജസ്റ്റ് ചെയ്തുകൊടുക്കേണ്ടതാണ്.

1 18.07.2016 മുതൽ രജിസ്റ്റർ ചെയ്യുന്ന/ചെയ്തിട്ടുള്ള സിറ്റി/ടൗൺ ഓർഡിനറി ബസ്സുകളുടെ ത്രൈമാസ നികുതി അവയുടെ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരു സ്ക്വയർ മീറ്ററിന് 1360/- രൂപ എന്നത് 1100/- രൂപ എന്ന നിരക്കിൽ കുറച്ചിട്ടുണ്ട്. മറ്റ് പുതിയ ബസ്സുകളുടെ നികുതിയിൽ യാതൊരുമാറ്റവും വരുത്തിയിട്ടില്ല.

2. കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും പുഷ്ബാക്ക് സീറ്റുകൾ ഉള്ളതുമായ ഇന്റർ സ്റ്റേറ്റ് കോൺട്രാക്ട് കാര്യേജുകളുടേയും (ആൾ ഇന്ത്യാ ടൂറിസ്റ്റ് ഓമ്നി ബസ്സ്) അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് മോട്ടോർ വാഹന നിയമത്തിലെ 88 (8), 88(9) എന്നീ വകുപ്പുകൾ പ്രകാരം പെർമിറ്റെടുത്ത് കേരളത്തിലേയ്ക്ക് പ്രവേശിയ്ക്കുന്ന പുഷ്ബാക്ക് സീറ്റുകളുള്ള കോൺട്രാക്ട് കാര്യേജുകളുടെയും ത്രൈമാസ നികുതി സീറ്റ് ഒന്നിന് 3500/- രൂപ എന്നത് 3000/- രൂപ ആക്കി കുറച്ചിട്ടുണ്ട്.

3. അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് മോട്ടോർ വാഹന നിയമത്തിലെ 88 (9)-)0 വകുപ്പ് പ്രകാരം പെർമിറ്റെടുത്ത് കേരളത്തിലേയ്ക്ക് പ്രവേശിയ്ക്കുന്ന ആൾ ഇന്ത്യാ ടൂറിസ്റ്റ് ഓമ്നി ബസ്സ് (ഇന്റർ സ്റ്റേറ്റ് കോൺട്രാക്ട് കാര്യേജ്) കളുടെ നികുതി അവ പ്രവേശിയ്ക്കുന്ന തീയതി മുതൽ ആ

ക്വാർട്ടറിന്റെ അവസാനം വരെ ആയിരിക്കും. അതായത് ജനുവരിയിൽ പ്രവേശിക്കുന്ന വാഹനത്തിന് ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ നികുതി അടക്കണം. ഫെബ്രുവരിയിൽ പ്രവേശിക്കുന്ന വാഹനത്തിന് ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ നികുതി അടച്ചാൽ മതിയാകും. എന്നാൽ, മാർച്ച് മാസത്തിൽ പ്രവേശിക്കുന്ന ഒരു വാഹനത്തിന് ആ മാസത്തെ നികുതി മാത്രം ഈടാക്കിയാൽ മതിയാകും. ഇത്തരം വാഹനങ്ങൾക്ക് അവയുടെ period of stay-യുടെ അടിസ്ഥാനത്തിൽ 1/10 അല്ലെങ്കിൽ 1/3 വാങ്ങുന്നതിന് വ്യവസ്ഥയില്ല. ഈ വാഹനങ്ങൾക്ക് നികുതി അടച്ചുകഴിഞ്ഞാൽ എപ്പോൾ വേണമെങ്കിലും കേരളത്തിൽ പ്രവേശിക്കാവുന്നതാണ്.

4. അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് മോട്ടോർ വാഹന നിയമത്തിലെ 88 (8)-)0 വകുപ്പ് അനുസരിച്ച് സ്പെഷ്യൽ പെർമിറ്റെടുത്ത് കേരളത്തിലേയ്ക്ക് പ്രവേശിക്കുന്ന കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് അവയുടെ period of stay അനുസരിച്ച് 7 ദിവസത്തേക്കോ 30 ദിവസത്തേക്കോ ത്രൈമാസ നികുതിയുടെ 1/10 അല്ലെങ്കിൽ 1/3 ഈടാക്കേണ്ടതാണ്. ഈ നികുതി one round trip- ന് മാത്രമായി ഫൈനാൻസ് ആക്ടിൽ പരിമിതപ്പെടുത്തിയിട്ടുണ്ട്.

5. ടാക്സേഷൻ നിയമത്തിൽ ഒരിടത്തും പരാമർശിക്കാത്ത പഴയതും, പുതിയതുമായ വാഹനങ്ങൾക്ക് ( സ്റ്റേജ് കാര്യേജുകളുടെ idle rate ( NTV rate ) ഉൾപ്പെടെ ) അവയുടെ തറ വിസ്തീർ-ണ്ണം കണക്കാക്കി ഒരു സ്ക്വയർ മീറ്ററിന് 150/- രൂപ എന്ന നിരക്കിൽ ത്രൈമാസ നികുതി ഈടാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഒപ്പ്)
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്:-

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ചെക്ക് പോസ്റ്റുകളിലും.

അംഗീകാരത്തോടെ,

09.11.2016

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)

9/11/16

ജെ.എസ്.

9/11